**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1396** **28-07-2021 - ൽ മറുപടിയ്ക്ക്**

**പി എസ് സി റാങ്ക് ലിസ്റ്റുകളുടെ കാലാവധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ് | | Shri. Pinarayi Vijayan (മുഖ്യമന്ത്രി) | |
| (എ) | കോവിഡ് സാഹചര്യത്തിൽ ഓഫീസുകൾ പ്രവർത്തിക്കാത്തതിനാൽ നിയമനങ്ങൾ നടന്നിട്ടില്ലാത്ത റാങ്ക് ലിസ്റ്റുകളുടെ കാലാവധി ദീർഘിപ്പിക്കുന്നതിന് നടപടി സ്വീകരിക്കാമോയെന്ന് വ്യക്തമാക്കാമോ; | (എ) | സർക്കാർ ശിപാർശകളുടെ അടിസ്ഥാനത്തിൽ പി.എസ്.സി രണ്ട് തവണ താഴെപ്പറയുന്ന കാലയളവിൽ അവസാനിക്കുന്ന റാങ്ക് പട്ടികകളുടെ കാലാവധി ദീർഘിപ്പിച്ച നല്കിയിട്ടുണ്ട്. 20.03.2020 മുതൽ 18.06.2020 വരെയുള്ള കാലയളവിനുള്ളിൽ കാലാവധി അവസാനിക്കുന്ന പി എസ് സി റാങ്ക് പട്ടികകളുടെ കാലാവധി 19.06.2020 വരെ മൂന്നുമാസത്തേക്ക് ദീർഘിപ്പിച്ച നൽകിയിരുന്നു. 05.02.2021 മുതൽ 03.08.2021 വരെയുള്ള കാലയളവിനുള്ളിൽ കാലാവധി അവസാനിക്കുന്ന പി എസ് സി റാങ്ക് പട്ടികകളുടെ കാലാവധി 04.08.2021 വരെ ആറ് മാസത്തേക്കും ദീർഘിപ്പിച്ച നൽകിയിട്ടുണ്ട്. |
| (ബി) | കോവിഡ് സാഹചര്യത്തിൽ പുതിയ പരീക്ഷകൾ നടക്കാത്തതിനാൽ ഇക്കാര്യത്തിൽ പ്രത്യേക പരിഗണന നൽകാൻ നടപടി സ്വീകരിക്കുമോ? | (ബി) | റാങ്ക് ലിസ്റ്റുകളിൽ നിന്നും മുഴുവൻ ഒഴിവുകളിലും നിയമനം നടത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതിനാൽ റാങ്ക് ലിസ്റ്റുകളുടെ കാലാവധി നീട്ടേണ്ട സാഹചര്യം നിലവിലില്ല. |

സെക്ഷൻ ഓഫീസർ